കേരള കാർഷിക സർവ്വകലാശാല
പ്ലാന്റ് പ്രോപഗേഷൻ ആന്റ് നഴ്സറി മാനേജ്മെന്റ് യൂണിറ്റ്
വെള്ളാനിക്കര, 680656
0487 2438620 0487 2438621
centnursery@kau.in

സിഡി: 2037/2019 തിയ്യതി : 03/07/2025

## ക്വട്ടേഷൻ നോട്ടീസ്

കേരള കാർഷിക സർവ്വകലാശാല പ്ലാന്റ് പ്രോപഗേഷൻ ആന്റ് നഴ്സറി മാനേജ്മെന്റ് യൂണിറ്റിന്റെ കീഴിലുള്ള നഴ്സറിയിലേയ്ക്ക് ഗ്രാഫ്റ്റ് ചെയ്യാൻ പാകമായ മാവ് റൂട്ട് സ്റ്റോക്ക് (ഏകദേശം 2000 എണ്ണം) എത്തിച്ചുതരുവാൻ താത്പര്യമുള്ളവരിൽ നിന്നും താഴെ പറയുന്ന നിബന്ധനകൾക്ക് വിധേയമായി മത്സരാടിസ്ഥാനത്തിൽ ക്വട്ടേഷനുകൾ ക്ഷണിച്ചുകൊള്ളുന്നു.

ഇനം : മാവ് റൂട്ട് സ്റ്റോക്ക്

ക്വട്ടേഷൻ സ്വീകരിക്കുന്ന അവസാന തിയ്യതി : **11/07/2025** തിയ്യതി **11.00** മണി വരെ

## ക്വട്ടേഷൻ നിബന്ധനകൾ

1. വിതരണം ചെയ്യുന്ന മാവ് റൂട്ട് സ്റ്റോക്ക് പെൻസിൽ വണ്ണത്തിൽ ഉള്ളതും, രോഗ കീട മുക്തവും ആയിരിക്കണം.
2. ക്വട്ടേഷനിൽ ഒരു തൈയുടെ വില അക്കത്തിലും അക്ഷരത്തിലും വ്യക്തമായി എഴുതേണ്ടതാണ്.
3. സമർപ്പിക്കുന്ന ക്വട്ടേഷനിൽ "പി.പി.എൻ.എം.യു.വിലേയ്ക്ക് റൂട്ട് സ്റ്റോക്ക് മാവിൻ തൈകൾ വിതരണം ചെയ്യുന്നതിനുള്ള ക്വട്ടേഷൻ" എന്ന് എഴുതിയതിനു ശേഷം അസിസ്റ്റന്റ് പ്രൊഫസർ & ഹെഡ്, പി.പി.എൻ.എം.യു., വെള്ളാനിക്കര എന്ന അഡ്രസ്സ് കവറിനു പുറത്തെഴുതി സീൽ ചെയ്ത് ഓഫീസിൽ സമർപ്പിക്കേണ്ടതാണ്.
4. ലഭ്യമായ ക്വട്ടേഷനുകൾ **11/07/2025 - 11.30AM** ന് സന്നിഹിതരാകുന്നവരുടെ മുമ്പാകെ തുറക്കുന്നതായിരിക്കും. ഏറ്റവും കുറവ് നിരക്ക് രേഖപ്പെടുത്തിയ ക്വട്ടേഷൻ മറ്റ് വ്യവസ്ഥകൾക്ക് വിധേയമായി സ്ഥിരപ്പെടുത്തുന്നതാണ്. ക്വട്ടേഷനിൽ രേഖപ്പെടുത്തിയ തുകയ്ക്ക് പുറമെ യാതൊരു വിധ ബാധ്യതകളും യൂണിവേഴ്സിറ്റിയ്ക്ക് ഉണ്ടായിരിക്കുന്നതല്ല.
5. ഏതെങ്കിലും കാരണവശാൽ ഈ ദിവസം അവധിയോ/ബന്ദോ/ഹർത്താലോ ആണെങ്കിൽ തൊട്ടടുത്ത ദിവസം നടത്തുന്നതാണ്.

6. നിശ്ചിത തിയ്യതിയ്ക്കും സമയത്തിനും ശേഷം ലഭിയ്ക്കുന്നതും വ്യക്തമല്ലാത്തതുമായ ക്വട്ടേഷനുകൾ നിരസിക്കുന്നതായിരിക്കും.
7. ക്വട്ടേഷൻ ഉറപ്പിച്ചു കിട്ടുന്ന വ്യക്തി വ്യവസ്ഥകൾ പാലിയ്ക്കാതെ വന്നാൽ ക്വട്ടേഷൻ റദ്ദാക്കുന്നതുൾപ്പടെയുള്ള നടപടികൾ സ്വീകരിയ്ക്കുന്നതാണ്.
8. കരാറുക്കാരനിൽ നിന്ന് സർവ്വകലാശാലയ്ക്ക് ഏതെങ്കിലും നാശനഷ്ടം സംഭവിച്ചാൽ നഷ്ട പരിഹാരത്തുക കരാറുക്കാരൻ ഉടനെ തന്നെ ഓഫീസിൽ അടയ്ക്കേണ്ടതാണ്. കൂടാതെ ക്വട്ടേഷൻ റദ്ദ് ചെയ്യുന്നതുമായിരിക്കും.
9. ക്വട്ടേഷനുകൾ യാതൊരു കാരണവും കാണിക്കാതെ നിരാകരിക്കാനുള്ള അധികാരം അസിസ്റ്റന്റ് പ്രൊഫസ്സർ ആന്റ് ഹെഡ്, പ്ലാന്റ് പ്രോപഗേഷൻ ആന്റ് നഴ്സറി മാനേജ്മെന്റ് യൂണിറ്റ് മേധാവിയിൽ നിക്ഷിപ്തമായിരിക്കും. കൂടുതൽ വിവരങ്ങൾക്ക് ഓഫീസുമായി ബന്ധപ്പെടുക
10. സർക്കാർ ക്വട്ടേഷനുകൾക്കുള്ള എല്ലാ നിബന്ധനകളും ഈ ക്വട്ടേഷനും ബാധകമാണ്.

ഡോ.അനുപമ ടി.വി.
അസിസ്റ്റന്റ് പ്രൊഫസ്സർ ആന്റ് ഹെഡ്

പകർപ്പ് : നോട്ടീസ് ബോർഡ് (ഫാം, വിപണന വിജ്ഞാന കേന്ദ്രം)/സയന്റിസ്റ്റ് ഇൻ ചാർജ്ജ് (ഫാം)/ഫാം സൂപ്രണ്ട്/ ഫയൽ